# നോമ്പുക്കാലം

## വചന വിചിന്തനം

### നാലാം ഞായർ

### മത്താ 21,33-44

**"നീ ഉറങ്ങിക്കോ; നിനക്ക് കാവലായ് ഞാൻ ഉണർന്നിരിക്കാം!"**

ആധുനീക ദൈവശാസ്ത്രത്തിലേയും തത്വശാസ്ത്രത്തിലേയും ഒഴിച്ചുകൂടാനാകാത്ത ഒരു ശാസ്ത്ര ശാഖയാണ് " എക്കോളജി" (Ecology). അതിൽ, പല പ്രാവശ്യം കേൾക്കുകയും ധ്യാനിക്കുകയും ചെയ്തിട്ടുളള വാക്ക്യങ്ങളിൽ ഒന്ന് ഇപ്രകാരമാണ്; "മനുഷ്യൻ ഈ പ്രപഞ്ചത്തിന്റെ ഉടമസ്ഥനല്ല; മറിച്ച്, ഒരു കാവൽക്കാരൻ മാത്രമാണ്!" (Man is not the owner of the nature; but steward of the nature!). ഇത്തരത്തിലുള്ള ഒരു 'കാര്യസ്ഥത'യെ കുറിച്ചുളള ഓർമ്മപ്പെടുത്തലാണ് "മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരന്റെ ഉപമ (മത്താ 21,33-44)." വിളവ് യജമാന്റെ അവകാശമാണ്. കാരണം, വിളവിന് വേണ്ടിയുളള മൂലധനം ഇറക്കിയിരിക്കുന്നത് യജമാനനാണ്. എന്നാൽ, 'കമ്യൂണലിസത്തിന്റെ' അധിനിവേശം വർഷങ്ങൾക്കുമുമ്പേ പ്രസംഗിക്കുകയും ജീവിതത്തിലൂടെ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്ത മുത്തിരിത്തോട്ടത്തിലെ കൃഷിക്കാരോട് യജമാനൻ ക്രൂരമായി പെരുമാറുന്നു. കാരണം, "യജമാനന്റെ അവകാശത്തിൽ കൈ കടത്താൻ കൃഷിക്കാർക്ക് എന്തവകാശം!" യജമാനൻ മുത്തിരിത്തോട്ടത്തിലെ കൃഷിക്കാരെ പിടിച്ച് നിഷ്ഠൂരമായി നശിപ്പിക്കുകയും യഥാക്കാലം ഫലം നൽകുന്നവരെ മുന്തിരിത്തോട്ടം ഏൽപ്പിക്കുകയും ചെയ്യുന്നു.

ദാനമായ് നൽകിയതിൽ നിന്നും ദൈവം ഫലങ്ങൾ ആവശ്യപ്പെടും. കാരണം, മുന്തിരിത്തോട്ടം കൃഷിക്കാർക്കുള്ള യജമാനന്റെ ദാനമായിരുന്നു. ഫലം ചൂടിക്കാനുള്ള ദൗത്യമായിരുന്നു അത്. ദൗത്യങ്ങളിൽ വീഴ്ച്ച വരുത്തിയപ്പോൾ അത് നാശത്തിന് കാരണമായി!

ചുരുക്കത്തിൽ, മുത്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിലൂടെ ക്രിസ്തു തന്റെ പിതാവായ ദൈവത്തിന്റെ സ്വഭാവമാണ് വ്യക്തമാക്കുന്നത്. പിതാവ് എന്തു ചെയ്യുന്നു, പുത്രന്റെ ദൗത്യമെന്താണ്, നാം എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നതിനുളള ഉത്തമ ദൃഷ്ടാന്തമാണ് "മുത്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ."

1. ദൈവമാണ് മുന്തിരിത്തോടത്തിന്റെ ഉടമസ്ഥൻ. കാരണം, അവനാണ് മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചത് (21,33).

2. ദൈവം തന്റെ മുന്തിരിത്തോട്ടത്തെ ഏറെ ശ്രദ്ധയോടുകൂടി വേലികെട്ടി സംരക്ഷണവും കരുതലും നൽകുന്നവനാണ് (21,33).

3. വിത്തിന് വെള്ളവും വളവും നൽകിയവൻ ഫലമന്വേഷിച്ച് വരുന്നതുപോലെ യജമാൻ ഫലം അന്വേഷിച്ച് വരുന്നവൻ കൂടിയാണ് (21,34).

4. എന്നാൽ, കൃഷിക്കാരായ നാം, ദുർമോഹം പാപത്തെ ഗർഭം ധരിക്കുന്നതുപോലെ, യജമാനന് അവകാശപ്പെട്ടതുപോലും സ്വന്തമാക്കാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നു (21,35-36).

5. എന്നാൽ, യജമാനനായ ദൈവം എല്ലാം പൊറുക്കാനും ക്ഷമിക്കാനും തയ്യാറാണ്. കാരണം, അവൻ കരുണാസമ്പന്നനാണ് (21,36).

6. യജമാനനായ ദൈവം കൃഷിക്കാരുടെ മനസ്സ് മാറ്റാൻ തന്റെ സ്വപുത്രനെപ്പോലും അയക്കാൻ തയ്യാറാണ് (21,37).

7. പുത്രനായ ദൈവം തന്റെ പിതാവായ ദൈവത്തിന് വേണ്ടി ഫലമന്വേഷിച്ച് വരുന്നു (21,38).

8. അധാർമ്മികമായി സമ്പത്ത് സ്വന്തമാക്കാൻ യജമാനനായ ദൈവത്തിന്റെ പുത്രനെപ്പോലും കൊല്ലാൻ പാകത്തിന് കൃഷിക്കാരായ നാം അധഃപതിക്കുന്നു (21,39).

9. പുത്രനെ മാനിക്കാതെ അവനെ അവഗണിക്കുകയും കൊല്ലുകയും ചെയ്ത കൃഷിക്കാരോട് യജമനനായ ദൈവം നിഷ്ഠൂരമായി പെരുമാറുന്നു (21,41)

10. ഇതേ തുടർന്ന്, കൂടുതൽ ഫലം സമ്മാനിക്കുന്ന കൂടുതൽ നല്ല വ്യക്തികൾക്ക് കൃഷിയിടം ഏൽപ്പിച്ച് കൊടുക്കുന്നു (21,41).

ഇനിയൊന്നു ഇരുത്തി 'മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ' വായിച്ചാൽ വരികൾക്കിടിയിൽ തെളിഞ്ഞ് നിൽക്കുന്ന ചില മുഖങ്ങളുണ്ട്... ദൈവത്തിന്റെ...ക്രിസ്തുവിന്റെ... നമ്മുടെ... പിതാവായ ദൈവം തന്റെ സ്വഭാവം വ്യക്തമാക്കുമ്പോൾ നമുക്ക് ചിന്തിക്കാനുള്ളത് മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയിൽ ഈ കൃഷിക്കാരെ നീക്കിനിർത്തി ഇവരുടെ സ്ഥാനത്ത് എന്നെ പ്രതിഷ്ഠിച്ചാൽ ഞാനും ഈ കൃഷിക്കാരും തമ്മിൽ ഒരു കല്ലേറുദൂരമെങ്കിലും അവശേഷിക്കുന്നുണ്ടോ എന്നുള്ളതാണ്. എന്നാൽ, 'ഇല്ല' എന്നുള്ളതാണ് സത്യം! വിജയിക്കാനായ് ആരുടെ കുതിക്കാല് വെട്ടാനും നാം തയ്യാറാണ്. അധാർമ്മികമായി സമ്പത്ത് സ്വന്തമാക്കാൻ എന്തും ചെയ്യാനും ഏത് മാർഗ്ഗത്തിലൂടെ യാത്ര ചെയ്യാനും നാം തയ്യാറാണ്. ഒർക്കുക, യജമാനന്റെ വിധിവാചകം, "യജമാൻ ആ ദുഷ്ഠരെ നിഷ്ഠൂരമായി നശിപ്പിക്കുകയും...."

2001 ൽ ഭാരതത്തെ പിടിച്ചുകുലുക്കിയ ദുരിതങ്ങളിൽ ഒന്ന് ഗുജറാത്തിൽ നടന്ന ഭൂഗഭമായിരുന്നു. ആയിരക്കണക്കിന് ആളുകൾ മണ്ണോട് മണ്ണായപ്പോൾ കോടിക്കണക്കിന് കോടികളാണ് സംസ്ഥാനത്തിനും രാഷ്ട്രത്തിനും നഷ്ടപ്പെട്ടത്. അതിലിന്നും ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്ന ഒരു ചിത്രമുണ്ട്. അത് 'സി.എൻ.എൻ' ന്യൂസ് ചാനൽ പുറത്ത് വിട്ട വാർത്തകളിൽ ഒന്നാണ്. ഇരു കരങ്ങളും നെഞ്ചത്തും തലയിലുമായി പിടിക്കുകയും ഇടിക്കുകയും ചെയ്തുകൊണ്ട് നിലവിളിക്കുന്നു ഒരു മദ്ധ്യവയ്ക്കന്റെ ചിത്രം. ഇരു കരങ്ങളും ക്യാമറയ്ക്കുമുമ്പിൽ മലർക്കേ തുറന്നുപിടിച്ചുകൊണ്ട് അദ്ദേഹം നിലവിളിച്ചുകൊണ്ട് ഉറക്കെ പറയുകയാണ്,

"കഴിഞ്ഞ നിമിഷം വരെ ഞാനായിരുന്നു ഈ പ്രദേശത്തെ ഏറ്റവും വലിയ ധനാഢ്യൻ. എന്നാൽ, ഒറ്റസെക്കന്റുക്കൊണ്ട് എല്ലാം തകർന്നടിഞ്ഞിരിക്കുന്നു. ധനവാനായ ഞാൻ ധരിദ്രനായിരിക്കുന്നു! മറ്റുള്ളവർ അന്നന്നത്തെ അപ്പത്തിന് വേണ്ടി എന്റെ മുമ്പിൽ കൈ നീട്ടുമ്പോൾ ഞാൻ തിരിച്ചറിഞ്ഞിരുന്നില്ല അവരുടെ വേദനകൾ. ഇപ്പോൾ, ഞാൻ തിരിച്ചറിയുന്നു ഒരു നേരത്തെ അപ്പത്തിന് വേണ്ടി അപരന്റെ മുമ്പിൽ കൈ നീട്ടുമ്പോഴുള്ള വേദന!"

ഉപമ
"ധനവാനും ലാസറും"
ക്യാപിറ്റലിസമാണെങ്കിൽ
"മുന്തിരിത്തോട്ടത്തിലെ
കൃഷിക്കാർ"
കമ്യൂണിസ്റ്റുകളാണ്.
ഇതു രണ്ടും തെറ്റാണ്.
മനുഷ്യനെ മരമായല്ല,
മനുഷ്യനായി തന്നെ
കാണാൻ പഠിക്കണം.

മനുഷ്യൻ ഈ പ്രപഞ്ചത്തിന്റെ കാര്യസ്ഥൻ മാത്രമാകുമ്പോൾ എന്തിനാണ് ഇത്രമാത്രം നെട്ടോട്ടം? പത്തിൽ നിന്ന് നൂറിലേയ്ക്കും നൂറിൽ നിന്ന് ആയിരത്തിലേയക്കും പതിനായിരത്തിലേയ്ക്കും ലക്ഷത്തിലേയ്ക്കും കോടികളിലേയ്ക്കും ഉയരുന്ന ചിന്തകളിൽ മനസ്സും ശരീരവും ഉടക്കി നിൽക്കുമ്പോൾ ദൈവം പറയുന്ന ഒരു കാര്യമുണ്ട്, "ഭോഷ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ഞാൻ ആവശ്യപ്പെടും. അപ്പോൾ, നീ ഒരുക്കി വച്ചിരിക്കുന്നവ ആരുടെതാകും?" (ലൂക്കാ 12,20). ഭോഷനായ ധനികന് സദൃശമാണ് മനുഷ്യകുലം. അവന് മനസിൽ നാളയെകുറിച്ചുള്ള ചിന്തകളേ ഇടം പിടിക്കു. അതുകൊണ്ട് തന്നെ, ഇന്നു ജീവിക്കാൻ മറന്നുപോകുന്നവനാണ് മനുഷ്യൻ! കവിശകലം ഓർമ്മിക്കുക,

"രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റുന്നതും ഭവാൻ;
മാളികാമുകളിലേറിയ മന്നന്റെ
തോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ!"

ഇവിടെയാണ് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നത്, 'അധാർമ്മിക സമ്പത്തുക്കൊണ്ട് നിന്റെ ഹൃദയവും ഭവനവും നീ നിറയ്ക്കരുത്' എന്ന്. സമ്പത്ത് ദൈവത്തിന്റെ ദാനമാണ്. അത് വിവേകത്തോടുകൂടി കൈകാര്യം ചെയ്യേണ്ട ഒന്നാണ്. അത് സ്വർഗ്ഗം സ്വന്തമാക്കാൻ സാധിക്കുന്ന ഒരു ഉപാദിയാക്കാൻ സാധിക്കുന്നുണ്ടെങ്കിൽ ഞാൻ വിവേകത്തോടു കൂടിയാണ് ജീവക്കുന്നത്. ഭൂമിയിലെ കൃഷിക്കാരാണ് നാം. യജമാനൻ കൃഷിക്കാരെ ചില കടമകൾ ഭരമേൽപ്പിച്ചിരിക്കുന്നതുപ്പോലെ ദൈവം നമ്മളേയും ചില കടമ

കൾ ഭരമേൽപ്പിച്ചിരിക്കുന്നു. ഈ കടമകളെ വിസ്മരിച്ചുകൊണ്ട് മുന്തിരിതോട്ടത്തിലെ കൃഷിക്കാരെപ്പോലെ മുന്തിരിതോട്ടം തന്നെ സ്വന്തമാക്കാനുള്ള പരിശ്രമം നാം ആരംഭിക്കുമ്പോഴാണ് യജമാനൻ കൃഷിക്കാരെ നിഷ്ഠൂരമായി നശിപ്പിച്ചതുപോലെ നമ്മെയും നശിപ്പിക്കാൻ ആരംഭിക്കുന്നത്.

ദാരിദ്രത്തെ കുറിച്ച് മഹാത്മാ ഗാന്ധി പറഞ്ഞ് വയ്ക്കന്നത് ഇപ്രകാരമാണ്; "ഈ ഭൂമിയിൽ മനുഷ്യർക്ക് ആവശ്യത്തിനുള്ളതെല്ലാം ഉണ്ട്; എന്നാൽ, അവന്റെ അത്യാർത്തി നിറയ്ക്കാൻ പകത്തിന് ഒന്നുമില്ല!" സഹോദരനെ കാണാനും കേൾക്കാനും പഠിക്കുമ്പോൾ അവിടെ സ്വർഗ്ഗരാജ്യം തളിർക്കുകയാണ്. കഴിഞ്ഞ ദിവസം കേട്ടതിൽ വച്ച് ഏറ്റവും കൗതുകമുണർത്തിയ സംഭവങ്ങളിലൊന്ന്.

ഒമ്പതു വയസുള്ള കുട്ടി ഐസ്ക്രീം കടയിൽ ചെന്ന് ഏറ്റവും ഭംഗിയും രസകരവുമായ ഐസ്ക്രീം ചൂണ്ടി കാണിച്ചിട്ട് ചോദിച്ചു,

"ചേട്ട, ഈ ഐസ്ക്രീമിന് എന്താ വില?"

കടക്കാരൻ പറഞ്ഞു, "15 രൂപ."

കുട്ടി പോക്കറ്റിൽ നിന്ന് പൈസ എടുത്ത് എണ്ണി നോക്കി. എന്നിട്ട് ചോദിച്ചു,

"ചെറുതിന് എന്താണ് വില?"

കുട്ടിയുടെ പാപ്പരത്വം കണ്ടപ്പോൾ വെയ്റ്റർ ദേഷ്യത്തോടുകൂടി പറഞ്ഞു,

"12 രൂപ."

കുട്ടി ചെറിയ ഐസ്ക്രീമിന് ഓർഡർ നൽകി. പ്ലെയ്റ്റിൽ വെയ്റ്റർ തെല്ലു ദ്വേഷ്യത്തോടുകൂടി ഐസ്ക്രീം എടുത്ത് കുഞ്ഞിന്റെ മേശയിൽ കൊണ്ടു ചെന്നു വയ്ച്ചു. കുഞ്ഞ് ആ ഐസ്ക്രീം എടുത്ത് ഏറ്റവും ഭംഗിയായ് കഴിച്ച് ബില്ലും കൊടുത്ത് യാത്രയായ്. കുട്ടി പോയ് കഴിഞ്ഞപ്പോൾ വെയ്റ്റർ പാത്രം എടുക്കാൻ ചെന്നപ്പോൾ അറിയാതെ കണ്ണു നിറഞ്ഞുപ്പോയ്... കാരണം, ഒഴിഞ്ഞ പാത്രത്തിൽ ആ കുഞ്ഞ് മൂന്നുരൂപ ടിപ്പ് വെച്ചിട്ടാണ് യാത്രയായത്.

> കൃഷിക്കാർ സ്വപ്നം കാണുന്നത് വിളവ് മാത്രമായിരുന്നു. എന്നാൽ, കൃഷിക്കാരുടെ സ്വപ്നം തോട്ടം തന്നെയാകുമ്പോൾ പാപത്തിന്റെ ഗൗരവം വർദ്ധിക്കുന്നു! അടിയിൽനിന്നും ഇടിയിൽനിന്നും അവർ കൊലപാതകത്തിൽ എത്തിച്ചേരുന്നു. അത്യാഗ്രഹം ഗർഭം ധരിക്കുന്ന വിപത്ത്!

നമുക്കുള്ളതുകൊണ്ട് മറ്റുള്ളവരെ കൂടി സന്തോഷിപ്പിക്കാൻ നമുക്ക് സാധിക്കണം. ഇവിടെയാണ് കാര്യസ്ഥതയ്ക്ക് കൂടുതൽ അർത്ഥം ലഭിക്കുന്നത്. പഴയനിയമത്തിൽ ആബേലിനെ കാണാതെ ദൈവം കായേന്റെ അടുത്ത് അന്വേഷിക്കുമ്പോൾ കായേൻ തിരിച്ചുചോദിക്കുന്ന ഒരു ചോദ്യമുണ്ട്. എന്നും നാം ധ്യാനിക്കേണ്ട ചോദ്യം! "ഞാൻ ആണോ എന്റെ സഹോദരന്റെ കാവൽക്കാരൻ?" അതെ. അതുകൊണ്ടു മാത്രമാണ് ദൈവം കായേലിന്റെ അടുത്ത് തിരക്കിയത് നിന്റെ സഹോദരൻ എവിടെയെന്ന്? കാര്യസ്ഥത കെടുകാര്യസ്ഥതയാക്കരുത്.

അധാർമ്മികമായി എന്തു നേടിയെടുക്കാനുള്ള താത്പര്യവും വ്യഗ്രതയും എന്നും എല്ലാ കാലവും സമൂഹത്തിൽ കുടിക്കൊള്ളുന്നുണ്ട്. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ അത്യാഗ്രഹം മൂലം വേദനിക്കുന്നു... ഒരുപാട് പേർ അപായപ്പെടുന്നു... ഒരുപാട് പേർ മുറിവേൽക്കപ്പെടുന്നു... സത്യം പറഞ്ഞാൽ ഇന്നും നമ്മുടെയൊക്കെ അത്യാഗ്രഹം മൂലം ഒരുപാട് പേർ കുടുംബത്തിലും സമൂഹത്തിലും സ്ഥാപനങ്ങളിലും ഇപ്രകാരം വേദനിക്കുന്നില്ലേ? നെഞ്ചത്തടിച്ച് പറയാം, 'മേയ കുൾപ്പാ (എന്റെ പിഴ)... മേയ കുൾപ്പാ... മേയ മാക്സിമാ കുൾപ്പാ...'

മുന്തിരിതോട്ടത്തിലെ കൃഷിക്കാർ തങ്ങൾക്കൊരു യജമാനനുണ്ട് എന്നുള്ള യാഥാർത്ഥ്യം മറന്ന് ജീവിച്ചവരാണ്. അതിനുള്ള ശിക്ഷ അവർക്ക് ലഭിച്ചു. യജമാനൻ അവരെ നിഷ്ഠൂരമായി നശിപ്പിച്ചു. യജമാനനായ ദൈവത്തെ മറക്കുന്നവർക്കുള്ള ശിക്ഷയും ഇതു തന്നെയാണ്.

***"ദൈവമില്ലായെന്ന് ഭോഷൻ തന്റെ ഹൃദയത്തിൽ പറയുന്നു;***
***മ്ലേച്ഛതകളിൽ മുഴുകി അവൻ നശിക്കുന്നു"*** സങ്കീ 14.

ഫാ. ജോബി മെനോത്ത് : +91 944 7777 931